DIOCESAN YOUTH APOSTOLATE
ST. THOMAS SYROMALABAR DIOCESE OF CHICAGO

"That they may be one, just as We are."
~John 17:11

YoY | YEAR OF YOUTH Newsletter

February 2017 | Issue 2

# യാഥാർത്ഥ്യബോധം : തന്നെക്കുറിച്ചും അപരനെക്കുറിച്ചും

ഈ പുതിയ മാസത്തിന്റെ തുടക്കത്തിൽ ജീവിതതിരക്കുകളിൽ നിന്നും ഒരുപടി പുറകോട്ടുമാറി, ഹൃദയത്തെ നിശബ്ദമാക്കി, ചില പ്രധാനപ്പെട്ട ചോദ്യങ്ങളെ നമുക്ക് വിചിന്തനം ചെയ്യാം.

നാം ആരാണ്? ആരായിത്തീരണം? ദൈവം നമ്മെ ആരാകുവാൻ വിളിച്ചിരിക്കുന്നു? ഈ മൂന്നു ചോദ്യങ്ങൾക്കും ഒരേ ഉത്തരമാണ് നമുക്കുള്ളതെങ്കിൽ നമ്മുടെ ജീവിതം യാഥാർത്ഥ്യബോധവും ആധികാരികതയും ഉള്ളതാണ്.

ഇത്തരം ജീവിതശൈലി, പറയാൻ എളുപ്പമാണെങ്കിലും പ്രാവർത്തികമാക്കാൻ പ്രയാസമുണ്ടാകാം. നമ്മോടുതന്നെ സത്യസന്ധത പുലർത്തുവാൻ പലപ്പോഴും നാം പ്രയാസപ്പെടും. ഇടവക അംഗങ്ങൾ, കൗൺസിലർ, അദ്ധ്യാപകർ, അൾത്താരശുശ്രൂഷകർ, ദിവ്യകാരുണ്യ ശുശ്രൂഷകർ, യുവജനങ്ങൾ, മുതിർന്നവർ, സമർപ്പിതർ, വൈദികർ എന്നിങ്ങനെയുള്ള വിവിധ കർമ്മമേഖലകളിൽ നാം അറിയാതെ മുഖംമൂടികൾ അണിഞ്ഞ കാപട്യജീവിതം നയിക്കുവാൻ സാധ്യതയുണ്ട്. മറ്റുള്ളവരുടെ മുമ്പിൽ നാം അവതരിപ്പിക്കുന്ന കുറവുകളില്ലാത്ത മുഖം നമ്മുടെ യഥാർത്ഥമുഖമാണെന്ന് നാം തെറ്റിദ്ധരിക്കാം. നാം കുറവുകളില്ലാത്തവരാണെന്ന് ചിന്തിച്ചാലുള്ള അപകടം ദൈവത്തിന്റെ കരുണ നമുക്കാവശ്യമില്ല എന്ന തോന്നൽ നമുക്കുണ്ടാകും എന്നുള്ളതാണ്. നമ്മുടെ പാപാവസ്ഥയും ആന്തരിക തകർച്ചകളും തിരിച്ചറിഞ്ഞ് അംഗീകരിക്കാതെ ദൈവസ്നേഹവും കരുണയും യഥാർത്ഥത്തിൽ നമുക്കനുഭവിക്കാൻ സാധിക്കില്ല.

ശനി, ഞായർ ദിവസങ്ങളിൽ നാം സാരിയും മുണ്ടുമൊക്കെയുടുത്ത് പരമ്പരാഗതമായ അനുഷ്ഠാനങ്ങളുടെയും ഭക്താഭ്യാസങ്ങളുടെയും, ധൂപാർച്ചനകളുടെയും, ഗേഹാന്താ പ്രാർത്ഥനകളുടെയും ഇടയിൽ നമ്മെ തന്നെ തിരുകികയറ്റും. തിങ്കളാഴ്ച നമ്മൾ വീണ്ടും സാധാരണ ജീവിതത്തിലേയ്ക്കു മടങ്ങും. ഞായറാഴ്ചയിലെ ആത്മീയ അനുഭവങ്ങൾക്കും ചിന്തകൾക്കും ഈ ജീവിതത്തിലെന്തെങ്കിലും പ്രസക്തിയുണ്ടോ എന്ന് നാം ചിന്തിക്കാറുണ്ടോ?

നമ്മുടെ സമൂഹത്തിലെ ഓരോ തലമുറയും ഇന്ത്യൻ സംസ്കാരവുമായി അമേരിക്കൻ സംസ്കാരത്തിൽ ജീവിക്കാൻ പാടുപെടുന്നു. ഓരോ സംസ്കാരത്തിലും നല്ലതും അല്ലാത്തതുമായയ തലങ്ങളുണ്ട്. ക്രൈസ്തവ ജീവിതദർശനം എല്ലാ സംസ്കാരത്തിലെയും സത്യവും നന്മയും തേടുവാനും അവ നമ്മുടെ ലോകവീക്ഷണത്തിൽ സമന്വയിപ്പിക്കുവാനും നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ഒരു സംസ്കാരത്തെയും അതേപടി സ്വീകരിക്കുവാൻ ക്രിസ്തീയവിശ്വാസം നമ്മെ നിർബന്ധിക്കുന്നില്ല.

യഥാർത്ഥ ക്രൈസ്തവ മൂല്യങ്ങളോടും വിശ്വാസത്തോടും ജീവിക്കുവാൻ, സാംസ്കാരിക വ്യത്യാസങ്ങൾ മാത്രമല്ല നമുക്ക് തടസ്സം. വിശ്വാസസത്യങ്ങൾ മനസ്സിലാക്കുവാനും സാംസ്കാരിക മൂല്യങ്ങളും ചിന്തകളുമായി അതിനെ പൊരുത്തപ്പെടുത്തുവാനും ആത്മാർത്ഥമായ വിചിന്തനം നാം ചെയ്യുന്നില്ല. സഭാപഠനങ്ങളെ വിശകലനാത്മകമായി ചോദ്യം ചെയ്യുന്ന ചിന്തകളെയും പ്രവണതകളെയും നാം ഭയപ്പെടുന്നു. ഒരു പക്ഷെ, തെറ്റിദ്ധാരണകളും, തിരുത്തപ്പെടുമോ എന്ന ഭയവും, അറിവില്ലായ്മയും ആരോഗ്യകരമായ സംവാദങ്ങളിൽ നിന്നും നമ്മെ മാറ്റിനിർത്തുന്നു. ഒരു വിശ്വാസസമൂഹമെന്ന നിലയ്ക്ക് നാം ആത്മാർത്ഥമായി സംവദിക്കണം. ചോദ്യങ്ങളെ സ്വാഗതം ചെയ്യണം. അങ്ങനെ സഭാജീവിതത്തിലെ അർത്ഥവത്തും ഫലദായകവുമായ പങ്കാളിത്വത്തിന് വഴിയൊരുക്കണം. വിശ്വാസത്തെയും, വിശ്വാസത്തിന്റെ വെളിച്ചത്തിൽ സാംസ്കാരിക പാരമ്പര്യങ്ങളെയും നമ്മെത്തന്നെയും മനസ്സിലാക്കിയാൽ ഇവയെല്ലാത്തിന്റെയും സ്രോതസ്സും പരമകാഷ്ഠയുമായ വിശുദ്ധ കുർബാനയിലേക്ക് നമ്മുടെ ജീവിതം കേന്ദ്രീകരിക്കുവാൻ സാധിക്കും. കുർബാനയിൽ നാം അനുഭവിക്കുന്ന ദിവ്യസ്നേഹം നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാനമാകണം. അപ്പോൾ ചോദിക്കുവാനും, ചോദ്യം ചെയ്യപ്പെടുവാനും, പഠിക്കുവാനും, പഠിപ്പിക്കുവാനും, വിശ്വാസത്തെയും സഭയെയും വിശകലനം ചെയ്യുവാനും ഉള്ള സ്വാതന്ത്ര്യം നമുക്കുണ്ടാകും.

(continued on next page)

# Words of Wisdom from the Saints

*Bl. Pier Giorgio Frassati*

“I urge you [to] approach the Communion table as often as you can. Feed on this bread of angels whence you will draw all the energy you need to fight [your] inner battles.”

(...continued from last page)

കർത്താവിന്റെ മുന്തിരിത്തോപ്പിലെ വേലക്കാരും മുന്തിരിവള്ളികളുമായി വളരുവാനും വളർത്തപ്പെടുവാനുമായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കായി ദൈവത്തിൽ നമുക്കന്വേഷിക്കാം. യഥാർത്ഥ ചോദ്യങ്ങൾ ചോദിച്ച് യഥാർത്ഥമായ ഉത്തരങ്ങൾ കണ്ടെത്തുവാൻ അവിടുന്ന് നമ്മെ സഹായിക്കട്ടെ. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിലൂടെ നമുക്ക് നമ്മെത്തന്നെ കണ്ടെത്താം. അവനെ തേടുമ്പോഴാണ് നാം നമ്മെ യഥാർത്ഥത്തിൽ കണ്ടെത്തുന്നത്. നമ്മെക്കുറിച്ചുള്ള നമ്മുടെ ഭാവനകളോടു നാം മരിക്കുമ്പോൾ ദൈവം വിളിച്ചിരിക്കുന്ന വ്യക്തിയാകാൻ നമുക്ക് സ്വാതന്ത്ര്യം ലഭിക്കും. സമാധാനം നിങ്ങളോടുകൂടെ.

## യുവജന കോർഡിനേറ്റർമാർക്ക്

1. കുമ്പസാരവും, ആരാധനയും സാധാരണ രീതിയിൽനിന്നും വ്യത്യസ്തമായി സംഘടിപ്പിക്കുക
2. ഒരു കൂട്ടം യുവജനങ്ങളെ സംഘടിപ്പിച്ച് കുർബാനയിൽ പങ്കെടുക്കുക
3. ഒരു പ്രാർത്ഥനാ പങ്കാളി (പ്രയർ ബഡി) സംവിധാനം സംഘടിപ്പിക്കുക

## വൈദികർ

1. യുവജനങ്ങൾക്ക് കൂദാശാസ്വീകരണത്തിനുള്ള സൗകര്യം ഈ മാസം/വർഷം കൂടുതലായി ക്രമീകരിക്കുക
2. കുർബാനമദ്ധ്യേയുള്ള വചനപ്രഘോഷണം ഈ വിചിന്തനത്തിലെ വിഷയങ്ങൾ കൂട്ടിച്ചേർത്ത് നടത്തുക.
3. വിശ്വാസരീതികളേക്കുറിച്ചും സഭാപ്രബോധനങ്ങളേക്കുറിച്ചും ഭയമില്ലാതെ ചോദിക്കുവാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

## കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ

1. നിങ്ങളുടെ ഇടവകയിലെ / മിഷനിലെ യുവജനങ്ങളെ എങ്ങനെ സഹായിക്കാം എന്ന് പ്രാർത്ഥനാപൂർവ്വം ചിന്തിക്കുക
2. ഇടവകാ സമൂഹത്തിലെ ഏതാനും യുവജനങ്ങളുമായിട്ടെങ്കിലും സംസാരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. നിങ്ങളുടെ ഇടവകയിലെ/മിഷനിലെ എല്ലാ യുവജനങ്ങൾക്കും വേണ്ടി ഈ മാസത്തിൽ ഒരു തവണയെങ്കിലും ഒരു മണിക്കൂർ ആരാധന നടത്തുകയോ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയോ ചെയ്യുക.

Contact Us!

https://www.stthomasdya.org https://www.facebook.com/dya.yoy info@stthomasdya.org